# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുമാരപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P-10/167/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 29/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുമാരപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P-10/167/2023 തീയ്യതി: 29/03/2023

## ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 13-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് . ആർ | ഡെപ്യൂട്ടി ഡയറക്ടർ | 27-01-2023 | 04-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-01-2023 | 04-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുരേഷ്. എസ് , ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
രാജിമോൾ . പി.സി , സീനിയർ ഗ്രേഡ് ഓഡിറ്റർ
ലേഖ. പി.കെ , ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഒ.സൂസി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.ജേക്കബ്.സി.ജോസഫ് | സെക്രട്ടറി | 01-04-2021 | 26-06-2021 |
| ശ്രീ.മണിക്കുട്ടൻ.എം | സെക്രട്ടറി | 27-06-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വൃന്ദ ടി എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ലെന്റ അലക്സ് | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2021 | 31-03-2022 |
| ഗിരിജ എൻ മാധവ് | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി സിന്ധു ഈശ്വരൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ.സിജി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ദീപശ്രീ പി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| വിഷ്ണു ആനന്ദ് | അക്രഡിറ്റഡ് എഞ്ചിനീയർ,MGNREGS | 01-04-2021 | 31-03-2022 |
| അബ്ദുൾ അഫ്സർ | വി.ഇ.ഒ കുമാരപുരം | 01-04-2021 | 31-03-2022 |
| അഖിൽ ദാസ് | വി.ഇ.ഒ കുമാരപുരം | 01-04-2021 | 31-03-2022 |
| ഡോ.ഷൈജു സി.എസ് | വെറ്ററിനറി സർജൻ | 01-04-2021 | 22-11-2021 |
| ഡോ.ബിനിൽ ബി ചന്ദ്രൻ | വെറ്ററിനറി സർജൻ | 23-11-2021 | 14-12-2021 |
| ഡോ.പ്രിയൻ അലക്സ് | വെറ്ററിനറി സർജൻ | 15-12-2021 | 20-12-2021 |
| ഡോ.അർച്ചന എസ് നായർ | വെറ്ററിനറി സർജൻ | 21-12-2021 | 27-01-2022 |
| ഡോ.ദിവ്യ ആർ തങ്കം | വെറ്ററിനറി സർജൻ | 28-01-2022 | 31-03-2022 |
| സവിത എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 05-11-2021 |
| അജിത | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-11-2021 | 31-03-2022 |
| ഗീത | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-05-2021 |
| ഡോണിയ എൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-06-2021 | 31-03-2022 |
| ഫാത്തിമ എസ് ഹമീദ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 10-12-2021 |
| സിബി സോമൻ | ഫിഷറീസ് ഇൻസ്പെക്ടർ | 11-12-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഡോ. ശ്രീധർ എം എച്ച് | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം (എസിആർ പ്രകാരം) | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | ഓഡിറ്റ് ഇംപാക്ട് -കാലി വീപ്പയുടെ വില 4,215/- തിരികെ ഈടാക്കി | 1-10 |
| 12 | ഓഡിറ്റ് ഇംപാക്ട്-ആദായനികുതിയിനത്തിൽ ഈടാക്കാതിരുന്ന 5,745/-രൂപ ഒടുക്കി | 1-11 |
| 13 | ഓഡിറ്റ് ഇംപാക്ട് - അധികം നൽകിയ 6,148/- രൂപ തിരികെ ഒടുക്കി | 1-12 |
| 14 | ഓഡിറ്റ് ഇംപാക്ട് - അധികം നൽകിയ 1,144/- രൂപ തിരികെ ഒടുക്കി | 1-13 |
| 15 | ഓഡിറ്റ് ഇംപാക്ട്-ലൈസൻസ് ഫീസിലെ കുറവ്-1,000/-രൂപ ഈടാക്കി | 1-13-1 |
| 16 | ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു | 1-14 |
| 17 | മൊബൈൽ ടവറുകളുടെ നികുതി പുനർ നിർണ്ണയിച്ചിട്ടില്ല | 1-15 |
| 18 | സ്ഥാപന നികുതി ഈടാക്കിയില്ല | 1-16 |
| 19 | ലൈസൻസ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കി | 1-17 |
| 20 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയില്ല | 1-18 |
| 21 | ഡിസ്മാന്റിൽ ചെയ്ത ആസ്ബസ്റ്റോസ് ഷീറ്റ് ലേലം ചെയ്തില്ല | 1-19 |
| 22 | ടെണ്ടർ പരസ്യം വിൻഡോ രൂപത്തിൽ ആണെങ്കിലും നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായത് അധികച്ചെലവിനിടയാക്കുന്നു | 1-20 |
| 23 | രണ്ടാംവാർഡിലെ കുടിവെള്ളകണക്ഷൻ പദ്ധതി - വാട്ടർ അതോറിറ്റി ഫൈനൽ ബിൽ ലഭ്യമാക്കിയില്ല | 1-21 |
| 24 | 14-ാം വാർഡിലെ പഴയചിറ കുടിവെള്ള പദ്ധതി പൂർത്തീകരണം - പ്രവൃത്തി ആരംഭിച്ചിട്ടില്ല | 1-22 |
| 25 | ക്ഷേമപെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാതിരിക്കുന്നത് സംസ്ഥാനസർക്കാരിന് നഷ്ടം | 1-23 |
| 26 | ലൈഫ് ഭവനപദ്ധതി- തുക കൈപ്പറ്റിയെങ്കിലും പണി ആരംഭിച്ചിട്ടില്ല | 1-24 |

| | | |
|---|---|---|
| 27 | മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹണം ചെയ്ത വിവിധ പ്രോജക്ടുകൾക്ക് പൂർണമായും മരുന്നുകൾ ലഭ്യമായില്ല | 1-25 |
| 28 | മരുന്നുകൾ ലഭ്യമായില്ല | 1-26 |
| 29 | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ 7,870/-രൂപ ഒടുക്കുവാൻ ബാക്കി നിൽക്കുന്നു | 1-27 |
| ഭാഗം **2** | | |
| 1 | ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു | 2-1 |
| 2 | സ്ഥാപന നികുതി ഈടാക്കിയില്ല | 2-2 |
| 3 | ലൈസൻസ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കി | 2-3 |
| ഭാഗം **3** | | |
| 1 | ക്ഷേമപെൻഷൻ യഥാസമയം സസ്‌പെൻഡ് ചെയ്യാതിരുന്നതിനാൽ സംസ്ഥാനസർക്കാരിന് നഷ്ടം | 3-1 |
| 2 | ടെണ്ടർ പരസ്യം വിൻഡോ രൂപത്തിൽ ആണെങ്കിലും നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായത് അധികച്ചെലവിനിടയായി | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 17.02.2021 തീയതിയിലെ 1(1)നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 1,68,45,913 | 1,67,79,000 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെന്റിച്ചർ) | 18,19,31,742 | 18,47,38,283 |

പുതുക്കിയ ബജറ്റിന്റെ വിവരം

2021-22 വർഷത്തെ പുതുക്കിയ ബജറ്റ് 18.03.2022 തീയതിയിലെ -17(5) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 1,71,55,813 | 1,68,31,000 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 31.05.2022 |

## 1-2-1 വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2021-22 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഫെഡറൽ ബാങ്ക് CFCഅക്കൗണ്ട് (Account No. 13960100230101) -വാർഷിക കണക്കിലെ RP40(b) പ്രകാരമുള്ള നീക്കിയിരുപ്പ് തുക 15,44,114/-രൂപയും ബാങ്ക് സ്റ്റേറ്റ്മെൻറ് പ്രകാരമുള്ള നീക്കിയിരുപ്പ് തുക 16,83,265/- രൂപയുമാണ്. 1,39,151 രൂപയുടെ വ്യത്യാസം റിക്കൺസിലിയേഷന് ശേഷവും നിലനിൽക്കുന്നു.

2. യൂണിയൻ ബാങ്ക് അക്കൗണ്ട്(Account No. 556002010009252) -വാർഷിക കണക്കിലെ RP40(b) പ്രകാരമുള്ള നീക്കിയിരുപ്പ് തുക 90,338/-രൂപയും ബാങ്ക് സ്റ്റേറ്റ്മെൻറ് പ്രകാരമുള്ള നീക്കിയിരുപ്പ് തുക 5,338/- രൂപയുമാണ്. 85,000 രൂപയുടെ വ്യത്യാസം റിക്കൺസിലിയേഷന് ശേഷവും നിലനിൽക്കുന്നു.

3. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)- ACR പ്രകാരമുള്ള ചെലവ് തുക 40,62,395/- രൂപയും ഇൻകം ആന്റ് എക്സ്പെൻഡിക്ചർ സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ I-6) പ്രകാരമുള്ള ചെലവ് തുക 42,18,967/- രൂപയുമാണ്. തൻവർഷം ACRൽ ചെലവിൽ രേഖപ്പെടുത്താതിരുന്ന 1,99,000 രൂപ ഇൻകം & എക്സ്പെൻഡീച്ചർ ഷെഡ്യൂൾ-6ൽ തെറ്റായി ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു.

4. വാർഷിക കണക്ക് ഷെഡ്യൂൾ (I-6)പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസ് ഇനത്തിലുള്ള ചെലവ് 6,87,82,134/-ആണ്. എന്നാൽ എം.എൻ.ആർ.ഇ.ജി.എ വിഭാഗത്തിൽ നിന്ന് ഹാജരാക്കിയ രേഖകൾ പ്രകാരം ചെലവ് 7,99,31,850/-രൂപയാണ്.

5. പ്രോജക്റ്റ് നം. S0083/22 പ്രകാരം 2021-22 വർഷത്തിൽ 80,000/- രൂപ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഭൂജല വകുപ്പിൽ ആകെ നിക്ഷേപം 7,30,000/-രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ (B-18) പ്രകാരം നിക്ഷേപം 6,50,000/-രൂപയാണ്.

6. Rp40(b) പ്രകാരം Total Sanitation അക്കൗണ്ടിലെ നീക്കിയിരുപ്പ് 15,82,156/-രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിലെ B-4 ഷെഡ്യൂൾ പ്രകാരം 15,13,790/-രൂപയാണ് നീക്കിയിരുപ്പ്. വ്യത്യാസം 68,366/-രൂപ.

7. RP40(b) പ്രകാരം സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(Tied & Untied) ഇനത്തിലെ ആകെ നീക്കിയിരുപ്പ് 15,44,114/-രൂപയാണ്. എന്നാൽ B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരുപ്പ് 9,60,713/-രൂപയാണ്.

8. Profession Tax Employees രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് &കളക്ഷൻ 9,57,540/- രൂപയും Receipt & Payment പ്രകാരമുള്ള വരവ് 9,36,030/-രൂപയുമാണ്. 21,510 രൂപയുടെ വ്യത്യാസം വിശദീകരിച്ചിട്ടില്ല.

9. ലൈസൻസ് ഫീസ് (ഫാക്ടറീസ്, ട്രേഡേഴ്സ് Etc) രജിസ്റ്റർ പ്രകാരമുള്ള വരവ് 1,81,415/- രൂപ, Receipt & Payment പ്രകാരമുള്ള വരവ് 125300/-, Advance Collection 55515/- ,വ്യത്യാസം 600/-രൂപ.

10. സഞ്ചയ സോഫ്റ്റ്വെയറിലെ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

11. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2004 മുതലുള്ള ഡെപ്പോസിറ്റുകൾ നിലനിൽക്കുന്നു. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

12. അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല. വാർഷിക കണക്ക് പ്രകാരം, Advance To Implementing Officers, Advance To MNREGA ഇവ ഒഴികെ എല്ലാ ഇനങ്ങളിലുമുള്ള നീക്കിയിരിപ്പ് (ബി18) മുൻവർഷ തുക തന്നെയാണെന്ന് കാണുന്നു.

13. ആസ്തി രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,38,62,491 |
| വരവ് | 5,96,97,487 |
| ആകെ | 7,35,59,978 |
| ചെലവ് | 6,26,66,865 |
| നീക്കിയിരിപ്പ് | 1,08,93,113 |

## 1-4 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | | ആകെ | ചെലവ് | | |
|---|---|---|---|---|---|---|---|
| | | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | | ജി.ഒ പ്രോജക്ട് | പ്രോജക്ട് | ലാപ്സായ തുക |
| വികസനഫണ്ട് പൊതുവിഭാഗം | -ഇല്ല | 55,58,863 | 1,05,99,137 | 1,61,58,000 | 55,58,863 | 1,05,99,137 | ഇല്ല |
| വികസനഫണ്ട് എസ്.സി.പി. | ഇല്ല - | 1,13,537 | 17,02,463 | 18,16,000 | 1,13,537 | 17,02,463 | ഇല്ല |
| വികസനഫണ്ട് ടി.എസ്.പി. | ഇല്ല - | | 1,81,000 | 1,81,000 | | 1,81,000 | ഇല്ല |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് | ഇല്ല - | | 66,32,262 | | | 40,62,395 | 15,44,111/-രൂപ നീക്കിയിരുപ്പ്. ലാപ്സായ തുക 12,37,074/- |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് | ഇല്ല | | 56,25,081 | | | 54,13,760 | |
| സംരക്ഷണഗ്രാന്റ് റോഡ് | ഇല്ല - | | 85,59,600 | | | 51,22,070 | 34,37,530 |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | -ഇല്ല | | 58,69,945 | | | 44,12,762 | 14,57,183 |
| ജനറൽ പർപ്പസ് ഗ്രാന്റ് | -ഇല്ല | | 1,10,43,380 | | | 16,64,220 | 93,79,160 |

-സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്): Rp30 പ്രകാരം 45,13,000 രൂപയും ട്രഷറിയിലെ വരവ് 21,19,262 രൂപയും ഉൾപ്പെട്ട തുകയാണ് എ.സി.ആർ പ്രകാരമുള്ള ആകെ വരവ് (6632262/-). എ.സി.ആർ പ്രകാരമുള്ള ചെലവ് 40,62,395 രൂപയാണ്. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പ്രകാരമുള്ള ചെലവ് 42,18,967 രൂപയാണ്(ഇതിൽ 1,99,000 രൂപ യഥാർത്ഥത്തിൽ ചെലവായിട്ടില്ല). ടി തുകയോടൊപ്പം ജി.എസ്.ടി 42,428 രൂപയും ഉൾപ്പെടെ ചെലവ് 40,62,395 രൂപ.

-സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്): ട്രഷറിയിലെ വരവ് 26,16,081 രൂപയും Rp30 പ്രകാരമുള്ള വരവ് 30,47,232 രൂപയും(ഇതിൽ 38,232 രൂപ ബാങ്ക് പലിശയാണ്) ഉൾപ്പെട്ട തുകയാണ് എ.സി.ആർ പ്രകാരമുള്ള വരവ് (5625081/-). എ.സി.ആർ പ്രകാരമുള്ള ചെലവ് 54,13,760 രൂപ. I-6പ്രകാരം ചെലവ് 41,57,824 രൂപയും Capital Contribution 12,13,274 രൂപയും ജി.എസ്.ടി 42,662 രൂപയും ഉൾപ്പെടെ ആകെ ചെലവ് 54,13,760 രൂപ.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 141 | 10,63,40,224 | 110 | 5,07,12,194 | 0 | 31 | 78% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3,56,456 | 8,13,586 | 11,70,042 | 11,61,062 | 8,980 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 7,99,31,850 | 7,99,31,850 | 7,99,31,850 | 0 |
| ആകെ | 3,56,456 | 8,07,45,436 | 8,11,01,892 | 8,10,92,912 | 8,980 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 1,03,64,600 | 686 |
| വിധവാപെൻഷൻ | 1,29,83,200 | 920 |
| വാർദ്ധക്യകാലപെൻഷൻ | 2,17,18,900 | 1691 |
| വികലാംഗപെൻഷൻ | 44,92,000 | 302 |
| അവിവാഹിതപെൻഷൻ | 12,35,200 | 84 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 0 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.02.2023 തീയതിയിൽ 2.45 പി എം ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16,753/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

2. മരണമടഞ്ഞ പെൻഷൻ ഗുണഭോക്താക്കളെ പെൻഷൻ ലിസ്റ്റിൽ നിന്നും യഥാ സമയം സസ്പെന്റ് ചെയ്യാത്തതിനാൽ അനർഹമായ കാലയളവിലേക്കും പെൻഷൻ നൽകാനിടയാകുന്നു.

3. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല.

4. തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാ രേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത്. ഗ്രാമപഞ്ചായത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും അപൂർണ്ണമാണ്. പദ്ധതി മാർഗ്ഗരേഖയിൽ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ പ്രസക്തി വ്യക്തമാക്കിയിട്ടുണ്ടെങ്കിലും റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ഗൗരവകരമായ സമീപനം പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല.

5. റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.

6. 2004 -05 സാമ്പത്തിക വർഷം മുതൽക്കുള്ള ഡെപ്പോസിറ്റുകൾ നിലനിർത്തിയിരിക്കുന്നതായി കാണുന്നു
7. ഡെപ്പോസിറ്റ് പ്രവൃത്തികൾ നിശ്ചിത സമയത്ത് നടപ്പിലാക്കാത്തതിനാൽ അധികച്ചെലവിനിയടാക്കുന്നു. (ഖണ്ഡിക 1-21, 1-22 കാണുക)

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 ഓഡിറ്റ് ഇംപാക്ട് -കാലി വീപ്പയുടെ വില 4,215/- തിരികെ ഈടാക്കി

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം ചെയ്ത താഴെപ്പറയുന്ന ടാറിംഗ് പ്രവൃത്തികൾക്ക് ഫൈനൽ ബിൽ പ്രകാരം കരാറുകാർക്ക് തുക നൽകിയപ്പോൾ കാലിവീപ്പയുടെ വില കുറവു ചെയ്തില്ല.

എ) കൊശവിളയിൽ തോട്ടുകടവാ റോഡ് ടാറിംഗ് (S0038/22)

ബി) പഴമ്പള്ളി കോടത്തറ റോഡ് ടാറിംഗ് (S0051/22)

ഇത് ഓഡിറ്റിൽ ചൂണ്ടികാണിച്ചതിനെ തുടർന്ന് കാലി വീപ്പയുടെ വിലയിനത്തിൽ 4,215/-രൂപ 1220000463/28-01-23 നമ്പർ രസീത് പ്രകാരം ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.

## 1-11 ഓഡിറ്റ് ഇംപാക്ട്-ആദായനികുതിയിനത്തിൽ ഈടാക്കാതിരുന്ന 5,745/-രൂപ ഒടുക്കി

തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്ത താഴെപ്പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികളിൽ ആവശ്യമായ ക്വാറിമക്കും, ഗുഡ് എർത്തും മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരന് തുക നൽകിയിട്ടുണ്ടെങ്കിലും 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 1% നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തിയിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി | സപ്ലൈയർ | സാധനവിലയിനത്തിൽ അനുവദിച്ച തുക | ഈടാക്കേണ്ട ആദായ |
|---|---|---|---|---|

| | | | | നികുതി |
|---|---|---|---|---|
| 1. | മൂഗാശ്ശൂപത്രി റോഡ് ഗ്രാവലിംഗ് | റജി ഡി. | 1,15,301 | 1153 |
| 2. | മുണ്ടകത്തറ മൂഗാശ്ശൂപത്രി ഓടനിർമ്മാണം | റജി ഡി. | 1,73,202 | 1732 |
| 3. | മാപ്പിളശ്ശേരിൽ ഫുട് പാത്ത് കോൺക്രീറ്റിംഗ് | ഉണ്ണികൃഷ്ണൻ പി. | 1,65,732 | 1657 |
| 4. | തോപ്പിൽ തെക്കേതിൽ ഫുട് പാത്ത് കോൺക്രീറ്റിംഗ് | ഉണ്ണികൃഷ്ണൻ പി. | 1,20,287 | 1203 |
| | ആകെ | | | 5745 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തെ(നം.1/01.02.23) തുടർന്ന് 01.02.23 തീയതിയിലെ 1220102768, 220102769 രസീതുകൾ പ്രകാരം 5,745/-രൂപ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.

## 1-12 ഓഡിറ്റ് ഇംപാക്ട് - അധികം നൽകിയ 6,148/- രൂപ തിരികെ ഒടുക്കി

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത മൂഗാശ്ശൂപത്രി റോഡ് ഗ്രാവലിംഗ് പ്രവൃത്തിയിൽ 39.60 മീറ്റർ നീളത്തിൽ 3.10 മീറ്റർ വീതിയിൽ 0.50 മീറ്റർ കനത്തിൽ ഗ്രാവൽ ഫില്ല് ചെയ്തിട്ടുണ്ട്. ഗ്രാവൽ ഫില്ല് ചെയ്തതിന് ടേപ് മെഷർമെന്റിൽ അളവ് രേഖപ്പെടുത്തിയതനുസരിച്ച് 61.48 M3 ഗ്രാവൽ ഉപയോഗിച്ചതിന് @1000 നിരക്കിൽ 61,480 -രൂപ *കരാറുകാരൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ കൺസോളിഡേഷൻ ഇനത്തിൽ മേൽ അളവിൽ നിന്നും 10%കുറവ് ചെയ്യാതെ തുക അനുവദിച്ചതിനാൽ അധികം നൽകാനിടയായി. കുറവ് ചെയ്യേണ്ടിയിരുന്ന അളവും തുകയും - 6.148 M3 @1000 = 6148/-.* ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തെ(നം.1/01.02.23) തുടർന്ന് 01.02.23 തീയതിയിലെ 1220102773, രസീത് പ്രകാരം 6,148/-രൂപ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.

## 1-13 ഓഡിറ്റ് ഇംപാക്ട് - അധികം നൽകിയ 1,144/- രൂപ തിരികെ ഒടുക്കി

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത മുണ്ടകത്തറ മൂഗാശ്ശൂപത്രി ഓടനിർമ്മാണം എന്ന പ്രവൃത്തിയിൽ നിർമ്മിച്ച ഓടയുടെ കവറിംഗ് സ്ലാബ് നിർമ്മിക്കുന്നതിന് ഉപയോഗിച്ച സ്റ്റീലിന്റെ അളവ് 280.612 Kg ആണ്. എന്നാൽ കരാറുകാരന് 300kg ന് @ 59 രൂപ നിരക്കിൽ 17,700/- രൂപ അനുവദിച്ചിട്ടുണ്ട്. അധികം നൽകിയ അളവും തുകയും - (300- 280.612) @ 59 = 1144/-. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തെ(നം.1/01.02.23) തുടർന്ന് 01.02.23 തീയതിയിലെ 1220102773, രസീത് പ്രകാരം 1,144/-രൂപ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.

## 1-13-1 ഓഡിറ്റ് ഇംപാക്ട്-ലൈസൻസ് ഫീസിലെ കുറവ്-1,000/-രൂപ ഈടാക്കി

മുഹമ്മദ് ഫർസാദ് കല്യംകുളത്ത്, ഓട്ടോമൊബൈൽ സർവ്വീസിംഗ് സെന്റർ നടത്തുന്നതിന് ലൈസൻസ് നൽകിയതിൽ ഫീസിനത്തിൽ കുറവ് വന്ന 1,000/-രൂപ ഓഡിറ്റ് എൻക്വയറിയിൽ(03/01.02.2023) ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് 03.02.2023ലെ രസീത് നം.1220102796 പ്രകാരം ഈടാക്കിയിട്ടുണ്ട്.

## 1-14 ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു

ശ്രീ.മുരുകൻ, സീ ക്കിംഗ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ ഉള്ളതും ആകെ 217.36 M2 തറ വിസ്തീർണ്ണമുള്ളതുമായ വാണിജ്യാവശ്യ കെട്ടിടത്തിന് 7/491B നമ്പർ നൽകി നികുതി കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിടത്തെ 200 ചതുരശ്രമീറ്റർ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത കെട്ടിടത്തെ 200 ചതുരശ്രമീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ എന്നീ വിഭാഗത്തിൽ ഉൾപ്പെടുത്തി വേണമായിരുന്നു നികുതി നിശ്ചയിക്കേണ്ടിയിരുന്നത്. വസ്തുനികുതി തെറ്റായി നിർണ്ണയിച്ചതിലൂടെ നികുതി ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

| പേര് /വിലാസം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| ശ്രീ .മുരുകൻ ,സീകിംഗ് 7/491B | 217.36@50=10868<br>ദ്വിതീയ മേഘല ഇളവ്-10% =1086.8<br>വഴി സൌകര്യം വർദ്ധനവ് 20%=2173.6<br>ആകെ നികുതി=11955 | 217.36@80=17389<br>ദ്വിതീയ മേഘല ഇളവ്-10% =1738.9<br>1-ാം നില ഇളവ് 5%=869.45<br>വഴി സൌകര്യം വർദ്ധനവ് 20%=3477.8<br>ആകെ നികുതി=18258 | 6,303/- |

നികുതി നിർണ്ണയത്തിലെ കുറവ് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (13/2.2.2023)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല നികുതി പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-15 മൊബൈൽ ടവറുകളുടെ നികുതി പുനർ നിർണ്ണയിച്ചിട്ടില്ല

പഞ്ചായത്ത് പരിധിയിൽ സ്ഥിതിചെയ്യുന്ന 2/158/D നമ്പരായ ഇൻഡസ് ടവേഴ്സിന്റെ ഉമസ്ഥതയിലുള്ള മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് ടവറിന്റെ പ്ലാറ്റ്ഫോം വിസ്തീർണ്ണമായ 16 M2നാണ്. അസിസ്റ്റന്റ് എൻജിനീയറുടെ 18.01.2022ലെ 53/AE/LSGD/KPM/2021-22 അന്വേഷണ റിപ്പോർട്ട് പ്രകാരം ഷെൽട്ടറിന്റെ വിസ്തീർണ്ണം ഉൾപ്പെടുത്തിയിട്ടില്ല എന്നും ടവറിന്റെ പ്ലാറ്റ്ഫോം വിസ്തീർണ്ണം 16 M2ഉള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 26.02.2022ലെ ആർ.ഡി.3/94/2020ത.സ്വ.ഭ.വ. നം സർക്കുലർ പ്രകാരം മൊബൈൽ ടവറുകളുടെ പ്രവർത്തനത്തിന് ജനറേറ്റർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ അനിവാര്യമായതിനാൽ മൊബൈൽ ടവറുകളുടെ ടവറിന്റെ തറവിസ്തീർണ്ണം+ജനറേറ്റർ+മറ്റ് അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണ്ണം എന്നതിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി കണക്കാക്കേണ്ടതാണ്. കൂടാതെ 5മീറ്റർ വീതിയുള്ള റോഡിൽ നിന്നും 3 മീറ്റർ വീതിയിൽ ടവർ പ്ളോട്ടിലേക്ക് പ്രവേശനം ഉള്ളതായി പ്ലാനിൽ കാണിച്ചിട്ടുണ്ടെങ്കിലും 1.5 മീറ്ററിൽ കുറവ് വഴി സൌകര്യം നൽകി നികുതി നിർണ്ണയിച്ചിട്ടുള്ളതിനാൽ അടിസ്ഥാന വസ്തു നികുതിയിൽ 20% കുറവ് വരുന്നു.

പഞ്ചായത്തിന്റെ സഞ്ചയ ഡാറ്റാ ബേസിൽ 8 മൊബൈൽ ടവറുകളുടെ നികുതി നിർണ്ണയ വിവരങ്ങളാണ് ഉള്ളത്. പ്രസ്തുത സർക്കുലറിന്റെ അടിസ്ഥാനത്തിൽ മറ്റ് ടവറുകളുടെ വസ്തു നികുതിയിൽ ജനറേറ്റർ,മറ്റ് അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണ്ണം എന്നിവ കൂടി ഉൾപ്പെടുത്തി നികുതി പുനർ നിർണ്ണയിച്ച് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നതിന് ഓഡിറ്റ് അന്വേഷണം(17/2.2.2023) നൽകിയതിന് മറുപടിയായി ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ നികുതി പുനർനിർണ്ണയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മൊബൈൽ ടവറുകളുടെ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-16 സ്ഥാപന നികുതി ഈടാക്കിയില്ല

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ മാവേലി സ്റ്റോറിന്റെ സ്ഥാപന നികുതി രണ്ട് അർദ്ധവർഷങ്ങളിലും ഈടാക്കിയില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് (4/01.02.2023) ടി സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കുന്നതിന് കത്ത് നൽകിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ്ഥാപന നികുതി ഇനത്തിൽ ലഭിക്കേണ്ടതായ 2,500/-രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-17 ലൈസൻസ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കി

1996 ലെ കേരള പഞ്ചായത്തിരാജ്(അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് 31.10.17 ൽ വരുത്തിയ ഭേദഗതി ചട്ടങ്ങളിലെ പട്ടികII പ്രകാരമുള്ള മൂലധനനിക്ഷേപത്തിന്റ അടിസ്ഥാനത്തിലായിരിക്കണം വാർഷിക ലൈസൻസ് ഫീസീടാക്കേണ്ടത്. 2022-23 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് എടുത്തിട്ടുള്ള താഴെകൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ അപേക്ഷ പരിശോധിച്ചതുപ്രകാരം ഇവയോടൊപ്പം ഹാജരാക്കിയിട്ടുള്ള മറ്റ് വകുപ്പുകളുടെ ക്ലിയറൻസിൽ രേഖപ്പെടുത്തിയിട്ടുള്ള മൂലധനനിക്ഷേപം അടിസ്ഥാനപ്പെടുത്തി ഈടാക്കാമായിരുന്ന ലൈസൻസ് ഫീസിനേക്കാൾ വളരെ കുറഞ്ഞ തുകയാണ് ഈടാക്കിയത്.

| ക്രമ നം. | സ്ഥാപനം /വിലാസം | മറ്റ് വകുപ്പുകളിൽ നിന്നുള്ള ക്ലിയറൻസ് | പട്ടിക II പ്രകാരം ഈടാക്കേണ്ട ലൈസൻസ് ഫീസ് | ഈടാക്കിയ ലൈസൻസ് ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | വി.ജി.ഹരി, ടി.വി.എസ് മൊബിലിറ്റി പ്രൈവറ്റ് ലിമിറ്റഡ്, വാഹന വിൽപ്പന | PCB/ALP /IC/3123/RI/17 /06.3.21 പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ലൈസൻസ് പ്രകാരം മൂലധന നിക്ഷേപം-209 ലക്ഷം | 10,000/- | 2,000/- രസീത് നം. 2000120010925/ 20.2.2021 | 8,000/- |
| 2 | മുഹമ്മദ് റിയാസ്, കെയർ ക്രാഫ്റ്റ് ഹോസ്പിറ്റൽ | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ലൈസൻസ് പ്രകാരം മൂലധന നിക്ഷേപം-453 ലക്ഷം | 10,000/- | 1.000/- രസീത് നം. 1210100211/ 04.06.2021 | 9,000/- |
| 3 | ഡോ.ബഷീർ, ഹുദാ ട്രസ്റ്റ് ഹോസ്പിറ്റൽ | PCB/ALP /ICO-6226-5/19 പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ലൈസൻസ് പ്രകാരം മൂലധന നിക്ഷേപം-50 ലക്ഷം. | 5,000/- | 2.000/- 121210100433/ 12.7.2021 | 3,000/- |

| ആക | | | | | 20,000/- |
|---|---|---|---|---|---|

ചട്ടപ്രകാരം ഈടാക്കാമായിരുന്ന ഫീസ് ഈടാക്കാതെ കുറഞ്ഞനിരക്കിൽ ഫീസീടാക്കി ലൈസൻസ് നൽകിയിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(3/1.2.2023) നൽകിയതിന് മറുപടിയായി സ്ഥാപനങ്ങൾക്ക് ഇതു സംബന്ധിച്ച് കത്ത് നൽകിയതായും തുക അടവാക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. നിയമങ്ങളിലും ചട്ടങ്ങളിലും അനുശാസിക്കുന്നപ്രകാരമുള്ള ഫീസുകൾ പഞ്ചായത്തിന് ഈടാക്കാവുന്നതാകയാൽ അപ്രകാരമുള്ള ഫീസീടാക്കി മാത്രം തുടർ വർഷങ്ങളിൽ ലൈസൻസ് നൽകേണ്ടതാണ്.

## 1-18 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I, ആർട്ടിക്കിൾ 56ബി പ്രകാരം, മൂന്നുവർഷം കഴിഞ്ഞിട്ടുള്ള ഡെപ്പോസിറ്റുകൾ കാലഹരണപ്പെടുന്നതാണ്. അതിനാൽ ഇപ്രകാരമുള്ള ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഓഡിറ്റ് വർഷത്തിലും 2004 -05 സാമ്പത്തിക വർഷം മുതൽക്കുള്ള ഡെപ്പോസിറ്റുകൾ നിലനിർത്തിയിരിക്കുന്നതായി കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | വർഷം | ഡെപ്പോസിറ്റ് ഇനം | ആകെ തുക |
|---|---|---|---|
| 1 | 2004-05 | സപ്ലയേഴ്സ് ഇ.എം.ഡി | 10,631 |
| 2 | 2005-06 | ,, | 54,136 |
| 3 | 2007-08 | കോൺട്രാക്ടേഴ്സ് ഇ.എം.ഡി | 298 |
| 4 | 2008-09 | ,, | 1,650 |
| 5 | 2010-2011 | സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 2,280 |
| 6 | 2012-13 | സപ്ലയേഴ്സ് ഇ.എം.ഡി | 10,000 |
| 7 | 2013-14 | കോൺട്രാക്ടേഴ്സ് ഇ.എം.ഡി | 16,300 |
| | | സപ്ലയേഴ്സ് ഇ.എം.ഡി | 6,600 |
| 8 | 2014-15 | കോൺട്രാക്ടേഴ്സ് ഇ.എം.ഡി | 7,500 |
| | | സപ്ലയേഴ്സ് ഇ.എം.ഡി | 5,718 |
| 9 | 2015-16 | കോൺട്രാക്ടേഴ്സ് ഇ.എം.ഡി | 5,100 |
| | | സപ്ലയേഴ്സ് ഇ.എം.ഡി | 2,500 |
| 10 | 2016-17 | സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 9,350 |

| | | | |
|---|---|---|---|
| | | അദർ ഡെപ്പോസിറ്റ് | 4,66,340 |
| | | സപ്ലയേഴ്സ് ഇ.എം.ഡി | 63,441 |
| | | ബിഡേഴ്സ് ഇ.എം.ഡി | 12,625 |
| 11 | 2017-18 | സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 15,800 |
| | | കോൺട്രാക്ടേഴ്സ് ഇ.എം.ഡി | 12,000 |
| ആകെ | | | 7,02,269 |

കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടാതിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. (18/03.02.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ചിട്ടുള്ള ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ഡിസ്മാന്റിൽ ചെയ്ത ആസ്ബസ്റ്റോസ് ഷീറ്റ് ലേലം ചെയ്തില്ല

ഗവ.യു.പി.എസ്. എരിക്കാവിൽ മേൽക്കൂര നിർമ്മാണം(S0141/22)

എരിക്കാവിൽ ഗവ. യു.പി.എസ് കെട്ടിടത്തിന്റെ മേൽക്കൂര നിലവിലുള്ള ആസ്ബസ്റ്റോസ് ഷീറ്റ് മാറ്റി ഓട് മേയുന്നതിന്റെ ഭാഗമായി 340.26 M2 ആസ്ബസ്റ്റോസ് ഷീറ്റ് ഡിസ്മാന്റിൽ ചെയ്തിട്ടുണ്ട്. എന്നാൽ ഇതിന്റെ സർവ്വേ റിപ്പോർട്ടോ ലേലം ചെയ്തതിന്റെയോ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഈ അപാകത ഓഡിറ്റിൽ ചൂണ്ടികാണിച്ചതിനെ തുടർന്ന് ഇവ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്ന് അസിസ്റ്റ് എഞ്ചിനിയർ വാക്കാൽ അറിയിച്ചിട്ടുണ്ട്. ഇവ ലേലം ചെയ്ത് തുക മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 ടെണ്ടർ പരസ്യം വിൻഡോ രൂപത്തിൽ ആണെങ്കിലും നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായത് അധികച്ചെലവിനിടയാക്കുന്നു

പദ്ധതി രൂപീകരണ മോണിട്ടറിംഗ് ചെലവുകൾ (S0005/22)

നിർവ്വഹണം – സെക്രട്ടറി

ചെലവു വിവരം - ബിൽ നമ്പർ 100/20.09.21 രൂപ 51,408/-

ചെലവു വിവരം - ബിൽ നമ്പർ 355/10.03.22 രൂപ 27,632/-

ചെലവു വിവരം - ബിൽ നമ്പർ 412/23.03.22 രൂപ 8,997/-

(സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി 01.01.04) പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിൻഡോ മാതൃകയിൽ നൽകുന്ന പരസ്യങ്ങൾ (8cmx3cm)=24cm$^2$ വലുപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്ത് ദേശാഭിമാനി പത്രത്തിൽ നൽകിയ ടെണ്ടർ പരസ്യം വിൻഡോ" രൂപത്തിൽ ആണെങ്കിലും നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പരസ്യം നൽകിയ തീയതി | പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | ഡിസ്കൗണ്ട് കഴിഞ്ഞ് അനുവദിച്ച തുക @180/cm2 +Gst | 3 X8 Cm വലിപ്പത്തിൽ ദേശാഭിമാനി പത്രത്തിൽ നൽകിയ ടെണ്ടർ | അധികം |
|---|---|---|---|---|---|

| | | | | പരസ്യത്തിന് അനുവദിച്ച തുക @180/cm2 +Gst (*) | |
|---|---|---|---|---|---|
| 1 | 15.09.20 | 6 X8 | 7711 | 3856 | 3,855 |
| 2 | 9.07.20 | 10 X8 | 12852 | 3856 | 8,996 |
| 3 | 22.01.21 | 7 X8 | 8996 | 3856 | 5,140 |
| 4 | 16.02.21 | 5 X8 | 6426 | 3856 | 2,570 |
| 5 | 30.09.21 | 5 X8 | 6426 | 3856 | 2,570 |
| 6 | 03.03.22 | 5 X8 | 6426 | 3856 | 2,570 |
| 7 | 23.01.22 | 4.5 X8 | 5783 | 3856 | 1,927 |
| 8 | 05.08.22 | 5 X8 | 6426 | 3856 | 2,570 |
| | ആകെ | | | | 30,198 |

(*) 24x180=4320-648(15%)=3672+183(GST-5%)=3856

പത്ര പരസ്യം നൽകിയപ്പോൾ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ അധികച്ചെലവിനിടയായിട്ടുണ്ട്. സബ്സിഡി മാർഗ്ഗ രേഖയിൽ ടെണ്ടർ പരസ്യം ചെയ്യുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ഉൾപ്പെടാതിരുന്നതിനാലാണ് അപാകത സംഭവിച്ചതെന്നും ഭാവിയിൽ ശ്രദ്ധിക്കുന്നതായിരിക്കുമെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(1/01.02.23) മറുപടി നൽകിയത്. അധികം ചെലവഴിക്കാനിടയായ തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-21 രണ്ടാംവാർഡിലെ കുടിവെള്ളകണക്ഷൻ പദ്ധതി - വാട്ടർ അതോറിറ്റി ഫൈനൽ ബിൽ ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നമ്പർ -S0080/22

അടങ്കൽ - 80,000

ചെലവ് വിവരം - XVFC/2021-22/36/ 10.02.22 രൂപ 80,000/-

കുമാരപുരം ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ രണ്ടിൽ ആഞ്ഞലിക്കാംപറമ്പ് ഭാഗത്ത് പുതിയ കുഴൽക്കിണർ സ്ഥാപിക്കുന്നതിന് 6,00,000/-രൂപ 2016-17, 2017-18 വർഷം കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുള്ളതാണ്. എന്നാൽ യഥാസമയം പ്രവൃത്തി ആരംഭിക്കാതിരുന്നതിനാൽ DSR2018 നിലവിൽ വന്നതിനാൽ പ്രൈസ് എസ്റ്റിമേറ്റ് തുക 6.80 ലക്ഷം രൂപയായി ഉയർന്നിട്ടുള്ളതിനാൽ മേൽപ്രവൃത്തിയുടെ പൂർത്തീകരണത്തിന് ആവശ്യമായ 80,000 രൂപ കൂടി അടയ്ക്കുന്ന മുറയ്ക്ക് പ്രവൃത്തി ക്രമീകരിക്കുന്നതാണെന്ന് കെ.ഡബ്ലിയു.എ. അറിയിച്ചിട്ടുള്ളതിനാൽ 80,000 രൂപ കൂടി കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ ആലപ്പുഴയിൽ ഒടുക്കിയിട്ടുണ്ട്. 04.01.22 ൽ കെ.ഡബ്ലിയു.എ. തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു. (എസ്റ്റിമേറ്റ് നം -2020/4487)

| | |
|---|---|
| പമ്പ് ഹൗസ് നിർമ്മാണം | 1,62,442.96 |
| ഇലക്ട്രിക്ക് വർക്ക് | 17,762.02 |
| പമ്പിംഗ് മെയിൻ സ്ഥാപിക്കൽ | 37,923.81 |
| സ്ഥാപിക്കൽ &കമ്മീഷനിംഗ് | 2,41,907.42 |
| പവർ അലൊക്കേഷൻ ചാർജ്ജ് | 50,000 |
| റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് | 34,063.97 |
| കണ്ടിജൻസീസ് | 10,706 |
| | 5,54,806.20 |

| | |
|---|---|
| സെന്റേജ് (10%) | 55,480 .62 |
| ജി.എസ്.ടി (12%) | 66,576.74 |
| LS | 3,136.43 |
| ആകെ | 6,80,000 |

പ്രവൃത്തി പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയതനുസരിച്ച് 6,73,351/- രൂപ ആകെ ചെലവായതും ബാക്കി തുകയായ 6,649/- രൂപ ഗ്രാമപഞ്ചായത്തിൽ തിരികെ ലഭിച്ചിട്ടുള്ളതുമാണ്. ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ലേബർ ചാർജ്ജ് | 5,93,877 |
| സെന്റേജ് (10%) | 52,958 |
| കണ്ടിജൻസീസ് | 10,000 |
| KSEB കണക്ഷൻ ചാർജ്ജ് | 16,516 |
| ആകെ | 6,73,351 |

ചരക്ക സേവന നികുതി നിയമപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനം S.R.O No 371/2017ലെ ക്രമ നം. 3 പ്രകാരം ഭരണഘടനയിലെ 243 G വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയിരിക്കുന്ന സേവനങ്ങൾ നികുതി മുക്തമാക്കിയിട്ടുണ്ട്. ഗ്രാമീണ കുടിവെള്ള വിതരണ സ്കീമിൽപ്പെടുത്തി ചെയ്ത പ്രസ്തുത കുടിവെള്ള പമ്പ്ഹൗസ് നിർമ്മിച്ചത് ഭരണഘടനയിലെ 243 G വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയിരിക്കുന്ന സേവനങ്ങൾ ആയതിനാൽ നികുതി രഹിതമാണ്. കൂടാതെ റോഡ് റെസ്റ്റൊറേഷൻ ചാർജ്ജിനത്തിലുള്ള തുകയും (34,064/-) ഉൾപ്പെടെയാണ് എസ്റ്റിമേറ്റിൽ ആവശ്യപ്പെട്ടതനുസരിച്ച് വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിരിക്കുന്നത്. എന്നാൽ ലേബർചാർജ്ജ് എന്നു മാത്രം കാണിച്ചാണ് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിരിക്കുന്നത്.

ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും തമ്മിൽ വെച്ചിരിക്കുന്ന കരാർ നം.2/2022 തീയതി 15.02.22 വ്യവസ്ഥ 8 അനുസരിച്ച് പണി പൂർത്തിയായി രണ്ടാഴ്ചയ്ക്കുള്ളിൽ ഫൈനൽ ബില്ലിന്റെ പകർപ്പും പെർഫോമൻസ് റിപ്പോർട്ടും പൂർത്തീകരണ സർട്ടിഫിക്കറ്റും കെ.ഡബ്ലിയു.എ., ഗ്രാമപഞ്ചായത്തിന് നൽകുന്നതാണ്. അതിനാൽ ഇവ വാങ്ങി അനർഹമായി തുക നൽകിയിട്ടില്ലെന്ന് ഉറപ്പാക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ഫൈനൽ ബിൽ ലഭ്യമായിട്ടില്ലാത്തിനാൽ തൻവർഷം നൽകിയ 80,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 14-ാം വാർഡിലെ പഴയചിറ കുടിവെള്ള പദ്ധതി പൂർത്തീകരണം - പ്രവൃത്തി ആരംഭിച്ചിട്ടില്ല

പ്രോജക്ട് നമ്പർ -S0083/22

അടങ്കൽ - 80,000

ചെലവ് വിവരം - XVFC/2021-22/52/ 08-03-22 രൂപ 80,000/-

കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽപ്പെടുത്തി പഴയചിറയിൽ ഒരു ട്യൂബ് വെൽ നിർമ്മിക്കുവാൻ ഭൂജല വകുപ്പിൽ നിന്നും നടത്തിയ ശാസ്ത്രീയ ഭൂജലസർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 6.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഗ്രാമപഞ്ചായത്തിന് നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ടി തുക ഭൂജലവകുപ്പ് ജില്ലാ ഓഫീസറുടെ പേരിൽ 13.10.20 ൽ നിക്ഷേപിച്ചിരുന്നു. എന്നാൽ ട്യൂബ് വെൽ നിർമ്മാണത്തിനാവശ്യമായ പൈപ്പുകൾക്കും അനുബന്ധ സാമഗ്രികൾക്കുമുണ്ടായ വില വർദ്ധന കാരണം ടി എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിച്ചു. പുതുക്കിയ നിരക്ക് അനുസരിച്ച് 7,30,000/- ആണ് എസ്റ്റിമേറ്റ് വരുന്നത്.

വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഡ്രില്ലിംഗ് ചാർജ്ജ് | 4,47,000 |

| | |
|---|---|
| പൈപ്പിന്റെ വില | 1,70,640 |
| റിബ്ഡ് സ്ക്രീൻ പൈപ്പിന്റെ വില | 45,450 |
| എന്റ് ക്യാപ്പിന്റെ വില | 360 |
| വെയിൽ പ്ലഗ്ഗിന്റെ വില | 395 |
| ആകെ | 6,63,845 |
| GST (12%) | 53,640 |
| കണ്ടിജൻസീസ് | 12,515 |
| ആകെ | 7,30,000 |

അതിനാൽ ബാക്കി തുകയായ 80,000/- രൂപ മേൽ ബിൽ പ്രകാരം ഭൂജല വകുപ്പിന് നൽകിയിട്ടുണ്ട്. ഭൂജല വകുപ്പുമായി വെച്ച കരാർ പ്രകാരം 31.08.2022ൽ പൂർത്തീകരിക്കുമെന്ന് പറയുന്നുണ്ടെങ്കിലും ഓഡിറ്റ് തീയതിയിലും ടി പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതിനാൽ തൻവർഷം ചെലവഴിച്ച 80,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 ക്ഷേമപെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാതിരിക്കുന്നത് സംസ്ഥാനസർക്കാരിന് നഷ്ടം

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല എന്ന് കാണുന്നു. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും പഞ്ചായത്തിൽ ഇതിന് വളരെയധികം കാലതാമസം ഉള്ളതായി കാണുന്നു.

ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1)സഹകരണ ബാങ്കിലേക്ക് മരണശേഷവും പെൻഷൻ നല്കിയിട്ടുള്ളവരുടെ വിവരം

| ക്രമ നം. | പേര് /വിലാസം | മരിച്ച തീയതി/ സസ്പെൻഡ് ചെയ്ത തീയതി | പെൻഷൻതരം /ഐഡി | അനർഹമായ കാലയളവിൽ സഹകരണ ബാങ്കിലേക്ക് നല്കിയ തുക |
|---|---|---|---|---|
| 1 | ചെല്ലമ്മ എൻ., മംഗലവിളയിൽ താമല്ലാക്കൽ | 15.10.2021/ 11/10/2022 | വിധവ പെൻഷൻ 104760600380 | 11/2021-9/2022 വരെ 11x1600 =17600 |
| 2 | വാസന്തി, കുഞ്ഞാണ്ടി പറമ്പിൽ | 08.2.2021/ 01/01/2022 | വാർദ്ധക്യകാല പെൻഷൻ 104760200216 | 02/2021-03/2021വരെ (1500x3) =4500 04/2021-01/2022 വരെ 1600x10 =16000 |
| 3 | ഗൌരിക്കുട്ടിയമ്മ, ചാണയിൽ | 29.01.2022/ 11/10/2022 | വാർദ്ധക്യകാല പെൻഷൻ | 2/2022-09/2022 വരെ |

| | | | | | |
|---|---|---|---|---|---|
| | തെക്കേതിൽ | | 104760600514 | 14400/- | |
| ആകെ | | | | 52,500/- | |

2) താഴെ കൊടുത്തിരിക്കുന്നവർ മരണപ്പെട്ടതിനുശേഷവും ക്ഷേമ പെൻഷൻ നാളിതു വരെ സസ്പെൻഡ് ചെയ്തിരുന്നില്ല. ആയത് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് സസ്പെൻഡ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | പേര് / വിലാസം | മരിച്ച തീയതി /സസ്പെൻഡ് ചെയ്ത തീയതി | പെൻഷൻ തരം / ഐഡി | അനർഹമായ കാലയളവിൽ സഹകരണ ബാങ്കിലേക്ക് നല്കിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | മോഹനൻപിള്ള മുട്ടേത്ത്, പോത്തപ്പള്ളി | 16.4.2021/ 04.02.2023 | വാർദ്ധക്യ കാല പെൻഷൻ 104760201798 | 5/2021- 11/2022 1600x19 =30400/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 2 | മുഹമ്മദ് താഹ, കളത്തിങ്കൽ പടീറ്റതിൽ, പോത്തപ്പള്ളി | 19.6.2021/ 04.02.2023 | വാർദ്ധക്യ കാല പെൻഷൻ 104760201067 | 7/21- 11/2022 17x1600 =27200/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| ആകെ | | | | 57,600/- | |

3) പഞ്ചായത്തിന്റെ സേവന ഡാറ്റാ ബേസ് ഓപ്പൺ ചെയ്യുമ്പോൾ തന്നെ കാണുന്ന "സ.ഉ.(എം.എസ്) നം./97/20 ധന. തീ.23.9.2020 പ്രകാരമുള്ള മുന്നറിയിപ്പിൽ സഹകരണ സംഘങ്ങൾ മരണപ്പെട്ടു എന്ന് രേഖപ്പെടുത്തിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ സസ്പെൻഡ് ചെയ്യാൻ ബാക്കിയുണ്ട് " എന്നതിൽ 112 പേരുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി വ്യക്തികളുടെ മരണ വിവരം അന്വേഷിച്ച് പെൻഷൻ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

4) ധനകാര്യ(എസ്.എഫ്.സി.ബി) വകുപ്പിന്റെ 28.8.2021 ലെ 63/2021 ധന.സർക്കുലറിലെ (1)-ാം നമ്പർ നിർദ്ദേശപ്രകാരം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്തമാസം 10-ാം തീയതിക്കു മുൻപ് മരണവിവരം അറിയിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രശസ്തമായ ഹോസ്പിറ്റലുകൾ ഉള്ളതിനാൽ മറ്റു പഞ്ചായത്തുകളിലെ നിരവധി മരണങ്ങൾ ഇവിടെ രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്. ആയതിനാൽ മേൽ നിർദ്ദേശം നിലവിൽ പാലിക്കുന്നുണ്ടോ? തുടങ്ങിയവയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (14/2.2.2023)മറുപടിയായി പട്ടിക (2)ൽ സൂചിപ്പിച്ചവരുടെ പെൻഷൻ 04.02.2023ൽ സസ്പെൻഡ് ചെയ്ത് അനർഹമായ കാലയളവിലേക്ക് നൽകിയ തുക ബാങ്ക് അക്കൌണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ടോ എന്നറിയാൻ ബാങ്കിന് കത്ത് നൽകിയതിന്റെയും പകർപ്പുകൾ ലഭ്യമാക്കി. ആയതു പ്രകാരം അനർഹമായി നല്കിയ 57,600/-രൂപ തിരികെ കേരളബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് തിരികെ ഒടുക്കിയതിന്റ രേഖകൾ ഹാജരാക്കേണ്ടതാണ്.

പുനർവിവാഹം/മരണം എന്നിവ ബോധ്യപ്പെട്ടാൽ സേവനയിൽനിന്നും ടിയാളെ സമയബന്ധിതമായി ഒഴിവാക്കേണ്ടത് സെക്രട്ടറിയുടെയും പെൻഷൻ സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും ചുമതലയാണ്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണങ്ങളിൽ സേവന പെൻഷൻ ഗുണഭോക്താവ് ഉൾപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉണ്ടെങ്കിൽ സമയബന്ധിതമായി സേവനഡേറ്റാബേസിൽ നിന്നും ടിയാളെ ഒഴിവാക്കേണ്ടതാണ്. ആയതിന് സർക്കാർ ഉത്തരവ് (എം.എസ്)നം.97/2020 ധന.തീയതി 23.9.2020 ലെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കേണ്ടതാണ്.

1) പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഓരോ പെൻഷൻ വിതരണത്തിനുശേഷവും മരണപ്പെട്ടവരുടെ വിവരം ശേഖരിച്ച് അന്വേഷണത്തിനുശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

2) മരണപ്പെട്ടവരുടെ വിവരങ്ങൾ അങ്കണവാടി/ ആശ വർക്കർ എന്നിവർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

3) പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടശേഷം അനന്തരവകാശികൾ പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ തുക അനന്തരവകാശികളിൽ നിന്ന് തിരിച്ചുപിടിച്ച് സർക്കാരിൽ മുതൽക്കൂട്ടേണ്ടതാണ്.

## 1-24 ലൈഫ് ഭവനപദ്ധതി- തുക കൈപ്പറ്റിയെങ്കിലും പണി ആരംഭിച്ചിട്ടില്ല

ലൈഫ് ഭവനപദ്ധതി പ്രകാരം ആദ്യ ഗഡു തുക കൈപ്പറ്റിയെങ്കിലും നാളിതുവരെയായി വീടുപണി ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | തുക/ കൈപ്പറ്റിയ തീയതി | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | രാധ, കൊച്ചുപറമ്പിൽ വാർഡ് -2 | 40,000/- 28.09.2018 | പണി ആരംഭിച്ചിട്ടില്ല |
| 2 | ജയമോൾ, ഗോകുലം വാർഡ്-1 | 40,000/- 10.10.2018 | പണി ആരംഭിച്ചിട്ടില്ല |
| 3 | ഷീല, ചിത്രഭവനം വാർഡ്-8 | 40,000/- 30.08.2019 | പണി ആരംഭിച്ചിട്ടില്ല |
| 4 | സുലോചന ഷിബു ചൈതന്യ വാർഡ്-15 | 40,000/- 18.06.2020 | പണി ആരംഭിച്ചിട്ടില്ല |
| 5 | കമലാസനൻ, കൊച്ചുപറമ്പിൽ വാർഡ്-15 | 40,000/- 06.01.2020 | പണി ആരംഭിച്ചിട്ടില്ല |
| 6 | വിനീഷ്, ചാലുങ്കൽ വാർഡ്-15 | 40,000/- 08.07.2020 1,60,000/-06.10.2020 | ഫൗണ്ടേഷൻ |
| 7 | വത്സലകുമാരി, കൊല്ലന്റെ തെക്കേതിൽ വാർഡ്-15 | 40,000/- 23.03.2020 | പണി ആരംഭിച്ചിട്ടില്ല |
| 8 | ചന്ദ്രമതി, പുത്തൻകണ്ടത്തിൽ വാർഡ്-9 | 40,000/- 23.03.2020 | പണി ആരംഭിച്ചിട്ടില്ല |
| 9 | ശിവദാസൻ, മാലതി ഭവനം വാർഡ്-9 | 40,000/- 26.08.2021 | പണി ആരംഭിച്ചിട്ടില്ല |

മേൽ പട്ടികയിലെ ക്രമ നം. 3 ലെ ഗുണഭോക്താവിന്റെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് സമ്മർദ്ദം ചെലുത്തിവരുന്നതായും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത മറ്റെല്ലാ ഗുണഭോക്താക്കൾക്കും തുക തിരികെ അടവാക്കാൻ നിർദ്ദേശിച്ച് കത്ത് നൽകിയിട്ടുള്ളതായും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി ഉചിതമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹണം ചെയ്ത വിവിധ പ്രോജക്ടുകൾക്ക് പൂർണമായും മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹണം ചെയ്ത വിവിധ പ്രോജക്ടുകൾക്ക് ആവശ്യമായി വരുന്ന മരുന്നുകൾ വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പൂർണമായും മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | ചെലവഴിച്ച തുക | ലഭിച്ച മരുന്നുകളുടെ | ലഭിക്കാനുള്ളത് | ചെലവു വിവരം |
|---|---|---|---|---|---|

| | | | വില | | |
|---|---|---|---|---|---|
| 1 | പാലിയേറ്റീവ് പരിചരണം (S0018/22) | 75,340 | ഇല്ല | 75,340 | ബിൽ നം. 26/07.03.22 രൂപ 75,340/- |
| 2 | NCD മരുന്ന് വാങ്ങൽ (S0020/22) | 3,46,500 | 3,31,536 | 14,964 | ബിൽ നം. 5/02.07.21 രൂപ 3,46,500/- |
| 3 | ജീവൻ രക്ഷാ മരുന്നു വാങ്ങൽ(S0022/22) | 2,00,000 | 1,85,782 | 14,218 | ബിൽ നം. 7/02.07.21 രൂപ 2,00,000/- |
| 4 | ആശുപത്രിക്ക് മരുന്നു വാങ്ങൽ | 5,00,000 | 4,60,422 | 39,578 | ബിൽ നം. 12/15.09.21 രൂപ 5,00,000/- |
| | ആകെ | | | 1,44,100 | |

ബാക്കി മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബാക്കി തുകയ്ക്കുള്ള മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ്. 1,44,100 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 മരുന്നുകൾ ലഭ്യമായില്ല

ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായി വരുന്ന മരുന്നുകൾ വാങ്ങുന്നതിന് പ്രോജക്ട് തയ്യാറാക്കി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പൂർണമായും മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവഴിച്ച തുക | ലഭിച്ച മരുന്നുകളുടെ വില | ലഭിക്കാനുള്ളത് |
|---|---|---|---|---|
| ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (S0033/22) | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2,50,000 | 35,699 | 2,14,301 |

ബാക്കി മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ്. 2,14,301/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ 7,870/-രൂപ ഒടുക്കുവാൻ ബാക്കി നിൽക്കുന്നു

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് മുൻ വർഷങ്ങളിൽ വരവ് വന്ന 7,870/-രൂപ ഒടുക്കുവരുത്തുവാനുള്ളതായി ബാലൻസ് ഷീറ്റിലെ B-4 ഷെഡ്യൂളിൽ കാണിച്ചിട്ടുണ്ട്. ടി തുക നാളിതുവരെ ഒടുക്കിയിട്ടില്ലാത്തതിനാൽ അടിയന്തിരമായി ഒടുക്ക് വരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു

ശ്രീ.മുരുകൻ, സീ ക്കിംഗ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ ഉള്ളതും ആകെ 217.36 M2 തറ വിസ്തീർണ്ണമുള്ളതുമായ വാണിജ്യാവശ്യ കെട്ടിടത്തിന് 7/491B നമ്പർ നൽകി നികുതി കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിടത്തെ 200 ചതുരശ്രമീറ്റർ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത കെട്ടിടത്തെ 200 ചതുരശ്രമീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ എന്നീ വിഭാഗത്തിൽ ഉൾപ്പെടുത്തി വേണമായിരുന്നു നികുതി നിശ്ചയിക്കേണ്ടിയിരുന്നത്. വസ്തുനികുതി തെറ്റായി നിർണ്ണയിച്ചതിലൂടെ നികുതി ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

| പേര് /വിലാസം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|
| ശ്രീ. മുരുകൻ, സീകിംഗ് 7/491B | 217.36@50=10868<br>ദ്വിതീയ മേഘല ഇളവ്-10%<br>=1086.8<br>വഴി സൌകര്യം വർദ്ധനവ് 20%=2173.6<br>ആകെ നികുതി=11955 | 217.36@80=17389<br>ദ്വിതീയ മേഘല ഇളവ്-10%<br>=1738.9<br>1-ാം നില ഇളവ് 5%=869.45<br>വഴി സൌകര്യം വർദ്ധനവ് 20%=3477.8<br>ആകെ നികുതി=18258 | 6,303/- |

നികുതി നിർണ്ണയത്തിലെ കുറവ് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(13/2.2.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നികുതി പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-2 സ്ഥാപന നികുതി ഈടാക്കിയില്ല

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2021-22സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ മാവേലി സ്റ്റോറിന്റെ സ്ഥാപന നികുതി രണ്ട് അർദ്ധവർഷങ്ങളിലും ഈടാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് (4/01.02.2023) ടി സ്ഥാപനത്തിൽ നിന്നും നികുതിയായി 2,500/-രൂപ ഈടാക്കുന്നതിന് കത്ത് നൽകിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരിൽ നിന്നും നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-3 ലൈസൻസ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കി

1996 ലെ കേരള പഞ്ചായത്തിരാജ്(അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് 31-10-17 ൽ വരുത്തിയ ഭേദഗതി ചട്ടങ്ങളിലെ പട്ടികII പ്രകാരമുള്ള മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം വാർഷിക ലൈസൻസ് ഫീസീടാക്കേണ്ടത്. 2022-23 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് എടുത്തിട്ടുള്ള താഴെകൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ അപേക്ഷ പരിശോധിച്ചതുപ്രകാരം ഇവയോടൊപ്പം ഹാജരാക്കിയിട്ടുള്ള മറ്റ് വകുപ്പുകളുടെ ക്ലിയറൻസിൽ രേഖപ്പെടുത്തിയിട്ടുള്ള മൂലധനനിക്ഷേപം അടിസ്ഥാനപ്പെടുത്തി ഈടാക്കാമായിരുന്ന ലൈസൻസ് ഫീസിനേക്കാൾ വളരെ കുറഞ്ഞ തുകയാണ് ഈടാക്കിയത്.

| ക്രമ നം. | സ്ഥാപനം /വിലാസം | മറ്റ് വകുപ്പുകളിൽ നിന്നുള്ള | പട്ടിക II പ്രകാരം | ഈടാക്കിയ ലൈസൻസ് | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ക്ലിയറൻസ് | ഈടാക്കേണ്ട ലൈസൻസ് ഫീസ് | ഫീസ് | |
| 1 | വി.ജി.ഹരി, ടി.വി.എസ് മൊബിലിറ്റി പ്രൈവറ്റ് ലിമിറ്റഡ്, വാഹന വിൽപ്പന | PCB/ALP /IC/3123/RI/17 /06.3.21 പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ലൈസൻസ് പ്രകാരം മൂലധന നിക്ഷേപം-209 ലക്ഷം | 10,000/- | 2,000/- രസീത് നം. 2000120010925/ 20.2.2021 | 8,000/- |
| 2 | മുഹമ്മദ് റിയാസ്, കെയർ ക്രാഫ്റ്റ് ഹോസ്പിറ്റൽ | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ലൈസൻസ് പ്രകാരം മൂലധന നിക്ഷേപം-453 ലക്ഷം | 10,000/- | 1,000/- രസീത് നം, 1210100211/ 04.06.2021 | 9,000/- |
| 3 | ഡോ.ബഷീർ, ഹുദാ ട്രസ്റ്റ് ഹോസ്പിറ്റൽ | PCB/ALP /ICO-6226-5/19 പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ലൈസൻസ് പ്രകാരം മൂലധന നിക്ഷേപം-50 ലക്ഷം. | 5,000/- | 2,000/- 121210100433/ 12.7.2021 | 3,000/- |
| ആക | | | | | 20,000/- |

ചട്ടപ്രകാരം ഈടാക്കാമായിരുന്ന ഫീസ് ഈടാക്കാതെ കുറഞ്ഞ നിരക്കിൽ ഫീസീടാക്കി ലൈസൻസ് നൽകിയിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(3/1.2.2023) നൽകിയതിനു മറുപടിയായി സ്ഥാപനങ്ങൾക്ക് ഇതു സംബന്ധിച്ച് കത്ത് നൽകിയതായും തുക അടവാക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. നിയമങ്ങളിലും ചട്ടങ്ങളിലും അനുശാസിക്കുന്നപ്രകാരമുള്ള ഫീസുകൾ പഞ്ചായത്തിന് ഈടാക്കാവുന്നതാകയാൽ അപ്രകാരമുള്ള ഫീസീടാക്കി മാത്രം തുടർ വർഷങ്ങളിൽ ലൈസൻസ് നൽകേണ്ടതാണ്.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ക്ഷേമപെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാതിരുന്നതിനാൽ സംസ്ഥാനസർക്കാരിന് നഷ്ടം

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല എന്ന് കാണുന്നു.ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും പഞ്ചായത്തിൽ ഇതിന് വളരെയധികം കാലതാമസം ഉള്ളതായി കാണുന്നു.

താഴെ കൊടുത്തിരിക്കുന്നവർ മരണപ്പെട്ടതിനുശേഷവും ക്ഷേമ പെൻഷൻ നാളിതു വരെ സസ്പെൻഡ് ചെയ്തിരുന്നില്ല. ആയത് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് സസ്പെൻഡ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | പേര് / വിലാസം | മരിച്ച തീയതി /സസ്പെൻഡ് ചെയ്ത തീയതി | പെൻഷൻ തരം / ഐഡി | അനർഹമായ കാലയളവിൽ സഹകരണ ബാങ്കിലേക്ക് നല്കിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | മോഹനൻ പിള്ള മുട്ടേത്ത്, പോത്തപ്പള്ളി | 16.4.2021/ 04.02.2023 | വാർദ്ധക്യ കാല പെൻഷൻ 104760201798 | 5/2021-11/2022 1600x19 =30,400/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 2 | മുഹമ്മദ് താഹ, കളത്തിങ്കൽ പടീറ്റതിൽ, പോത്തപ്പള്ളി | 19.6.2021/ 04.02.2023 | വാർദ്ധക്യ കാല പെൻഷൻ 104760201067 | 7/21-11/2022 17x1600 =27,200/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| ആകെ | | | | 57,600/- | |

വിശദീകരണം ലഭ്യമാക്കവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (14/2.2.2023) നൽകിയതിന് മറുപടിയായി മേൽ സൂചിപ്പിച്ചവരുടെ പെൻഷൻ 04.02.2023ൽ സസ്പെൻഡ് ചെയ്ത് അനർഹമായ കാലയളവിലേക്ക് നൽകിയ തുക ബാങ്ക് അക്കൌണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ടോ എന്നറിയാൻ ബാങ്കിന് കത്ത് നൽകിയതിന്റെയും പകർപ്പുകൾ ലഭ്യമാക്കി. ആയതു പ്രകാരം അനർഹമായി നല്കിയ 57,600/-രൂപ തിരികെ കേരളബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക് ഒടുക്കുവരുത്തുന്നതുവരെ സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

## 3-2 ടെണ്ടർ പരസ്യം വിൻഡോ രൂപത്തിൽ ആണെങ്കിലും നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായത് അധികച്ചെലവിനിടയായി

പദ്ധതി രൂപീകരണ മോണിട്ടറിംഗ് ചെലവുകൾ (S0005/22)

നിർവ്വഹണം – സെക്രട്ടറി

ചെലവ് വിവരം - ബിൽ നമ്പർ 100/20.09.21 രൂപ 51,408/-

ചെലവു വിവരം - ബിൽ നമ്പർ 355/10.03.22 രൂപ 27,632/-

ചെലവു വിവരം - ബിൽ നമ്പർ 412/23.03.22 രൂപ 8,997/-

(സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി.01-01-04) പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിൻഡോ മാതൃകയിൽ നൽകുന്ന പരസ്യങ്ങൾ $(8cmx3cm)=24cm^2$ വലുപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്ത് ദേശാഭിമാനി പത്രത്തിൽ നൽകിയ ടെണ്ടർ പരസ്യം വിൻഡോ" രൂപത്തിൽ ആണെങ്കിലും നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പരസ്യം നൽകിയ തീയതി | പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | ഡിസ്കൗണ്ട് കഴിഞ്ഞ് അനുവദിച്ച തുക @180/cm2 +Gst | 3 X8 Cm വലിപ്പത്തിൽ ദേശാഭിമാനി പത്രത്തിൽ നൽകിയ ടെണ്ടർ പരസ്യത്തിന് അനുവദിച്ച തുക | അധികം |
|---|---|---|---|---|---|

| | | | | @180/cm2 +Gst (*) | |
|---|---|---|---|---|---|
| 1 | 15.09.20 | 6 X8 | 7711 | 3856 | 3855 |
| 2 | 9.07.20 | 10 X8 | 12852 | 3856 | 8996 |
| 3 | 22.01.21 | 7 X8 | 8996 | 3856 | 5140 |
| 4 | 16.02.21 | 5 X8 | 6426 | 3856 | 2570 |
| 5 | 30.09.21 | 5 X8 | 6426 | 3856 | 2570 |
| 6 | 03.03.22 | 5 X8 | 6426 | 3856 | 2570 |
| 7 | 23.01.22 | 4.5 X8 | 5783 | 3856 | 1927 |
| 8 | 05.08.32 | 5 X8 | 6426 | 3856 | 2570 |
| | ആകെ | | | | 30198 |

(*) 24x180=4320-648(15%)=3672+183(GST-5%)=3856

പത്ര പരസ്യം നൽകിയപ്പോൾ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ അധികച്ചെലവിനിടയായിട്ടുണ്ട്. സബ്സിഡി മാർഗ്ഗ രേഖയിൽ ടെണ്ടർ പരസ്യം ചെയ്യുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ഉൾപ്പെടാതിരുന്നതിനാലാണ് അപാകത സംഭവിച്ചതെന്നും ഭാവിയിൽ ശ്രദ്ധിക്കുന്നതായിരിക്കുമെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(1/01.02.23) മറുപടി നൽകിയത്. അധികം ചെലവഴിക്കാനിടയായ തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 2,55,000 | പാലിയേറ്റീവ് പരിചരണം | 1,69,993 | 85,007 |
| " | 2021-22 | 5,00,000 | ലൈഫ് ഭവന നിർമ്മാണം (എസ്സ്.സി) | 4,00,000 | 1,00,000 |
| " | 2021-22 | 9,25,000 | ലൈഫ് ഭവന നിർമ്മാണം (എസ്സ്.ടി) | 69,000 | 8,56,000 |

| | | | | | |
|---|---|---|---|---|---|
| " | 2021-22 | 1,50,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സഹായം | 1,50,000 | 0 |
| " | 2021-22 | 2,50,000 | പാലിന് സബ്സിഡി | 0 | 2,50,000 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1,00,000 | അനുപൂരക പോഷകാഹാരം | 1,00,000 | 0 |
| " | 2021-22 | 1,50,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സഹായം | 1,50,000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ലിയു.എ. | കുടിവെള്ളം വാർഡ് | XVFC/36 /10.02.22 | 80,000 | ഇല്ല | 80,000 (22-23ൽ പൂർത്തീകരിച്ചു) |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് | ട്യൂബ് വെൽ | XVFC/P /52/08.03.22 | 80,000 | ഇല്ല | 80,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ വായ്പ | ലഭ്യമാക്കിയില്ല | 18,40,000 | 4,97,60,000 | 48,84,000 | 0 | 4,67,16,000 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച വരവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 3-1 | 6,076/- | സുശീല- പാർട്ട് ടൈം സ്വീപ്പർ | 10.11.2021 ലെ 1210101353 |
| 2018-19 | 3-1 | 7,307/- | വിജയൻ- ലൈബ്രേറിയൻ | 22.10.2021 ലെ 1210101162 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-2005 | 3-4 | 2007-2008 | 3.27.1 | എസ്റ്റിമേറ്റ് തിരുത്തൽ | റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് |
| 2015-2016 | 2.1 | 2016-17 | | തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച് | റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് |
| 2017-18 | 3-8 | 2018-19 | ലഭ്യമാക്കിയില്ല | വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക | പ്രവൃത്തി പൂർത്തീകരിച്ചു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,96,97,487 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,26,66,865 |
| വരവിനങ്ങളിലുള്ള നഷ്ടം | 28,803 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 87,798 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,18,401 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-1 | 6,303 | | മണിക്കുട്ടൻ എം., സെക്രട്ടറി |
| 2-2 | 2,500 | | മണിക്കുട്ടൻ എം., സെക്രട്ടറി |
| 2-3 | 17,000 | | ജേക്കബ് സി.ജോസഫ്, സെക്രട്ടറി |
| | 3,000 | | മണിക്കുട്ടൻ എം., സെക്രട്ടറി |
| 3-1 | | 57,600 | മണിക്കുട്ടൻ എം., സെക്രട്ടറി |
| 3-2 | | 30,198 | മണിക്കുട്ടൻ എം., സെക്രട്ടറി |
| ആകെ | 28,803 | 87,798 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 80,000 | മണിക്കുട്ടൻ എം., സെക്രട്ടറി |
| 1-22 | 80,000 | മണിക്കുട്ടൻ എം., സെക്രട്ടറി |

| | | |
|---|---|---|
| 1-25 | 1,44,100 | ഡോ.ലെന്റ അലക്സ്, മെഡിക്കൽ ഓഫീസർ(അലോപ്പതി) |
| 1-26 | 2,14,301 | ഡോ.സിജി, മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| ആകെ | 5,18,401 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ട തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 30,400 | ശ്രീ.ജേക്കബ് സി.ജോസഫ്, സെക്രട്ടറി |
| | 27,200 | ശ്രീ.മണിക്കുട്ടൻ എം., സെക്രട്ടറി |
| ആകെ | 57,600 | |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മണിക്കുട്ടൻ എം., സെക്രട്ടറി | സെക്രട്ടറി, കുമാരപുരം ഗ്രാമപഞ്ചായത്ത് | നെടിയത്ത് ഹൗസ് തറയിൽകടവ് വലിയ അഴീക്കൽ പി.ഒ., ആറാട്ടുപുഴ |
| ശ്രീ.ജേക്കബ് സി.ജോസഫ്, സെക്രട്ടറി | വിരമിച്ചു | ചാലുങ്കൽ ഹൗസ് തോട്ടപ്പള്ളി പി.ഒ. |
| ഡോ.ലെന്റ അലക്സ്, മെഡിക്കൽ ഓഫീസർ(അലോപ്പതി) | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., കുമാരപുരം ഗ്രാമപഞ്ചായത്ത് | കളീയ്ക്കൽഹൗസ്, പന്മന പി.ഒ., ഇടപ്പള്ളിക്കോട്ട |
| ഡോ.സിജി, മെഡിക്കൽ ഓഫീസർ(ഹോമിയോ) | മെഡിക്കൽ ഓഫീസർ, ഹോമിയോ ആശുപത്രി കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് | മംഗലപ്പള്ളി വടക്കേതിൽ, വെട്ടുവേനി, ഹരിപ്പാട് |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|

| | |
|---|---|
| 1996-97 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ5-1832/2011/12.02.12 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ5-1577/13/12.05.14 |
| 2010-11, 2011-12 | എൽ.എഫ്.എ.പി3-48/13/07.02.13/10.04/13 |
| 2012-13 | എൽ.എഫ്.എ.പി11-79/15/26.03.15/05.05.15 |
| 2013-14 | എൽ.എഫ്.എപി.ഇസെഡ്.പി11-678/15 |
| 2014-15 | കെ.എസ്.എ-എ.എൽ.പി.-പി.11/550/2016 തീയതി 31.05.2016 |
| 2015-16 | കെ.എസ്.എ.- എ.എൽ.പി.-പി.11-564/16/06.01.17 |
| 2016-17 | കെ.എസ്.എ.- എ.എൽ.പി.-പി.11-1048/2017/15.10.18 |
| 2017-18 | കെ.എസ്.എ.- എ.എൽ.പി.-പി.11-1497/2018 /2.11.2018 |
| 2018-19 | കെ.എസ്.എ.- എ.എൽ.പി.-പി.11-1038/2019 /15.01.2020 |
| 2019-20 | കെ.എസ്.എ.- എ.എൽ.പി.-പി.10-353/2022/ 27.03.2022 |
| 2020-21 | നമ്പർ: കെ.എസ്.എ.- എ.എൽ.പി.-P10/681/2022 /16.07.22 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്